കുഴൽക്കിണറുകൾ.

96. [765] ശ്രീ. ഇ അഹമ്മദ്.
,, പി. കെ. രാഘവൻ.
,, കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാട്,
,, പി. എം. അബൂബേക്കർ,
,, ടി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്കു കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവു കൂടുതലാകുമെന്ന കാരണത്താൽ ജലസേചനസൗകര്യത്തിന് പ്രയാസമുള്ള സ്ഥലങ്ങളിൽ കൃഷിക്കുവേണ്ടി കുഴൽക്കിണർവഴി ജലസേചനം നടത്താനുള്ള എന്തെങ്കിലും പരിപാടി ഗവൺമെന്റിനുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ കാര്യത്തിൽ ഒരു പദ്ധതി തയ്യാറാക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ കുഴൽകിണർ വഴി ജലസേചനസൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ. ബി) കുഴൽക്കിണറുകൾവഴി ജലസേചനസൗകര്യമേർപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ മുന്നോടിയായി ഭൂഗർഭ ജലനിക്ഷേപങ്ങൾ സംസ്ഥാനത്ത് എവിടെയൊക്കെയുണ്ട് എന്നറിയാൻ ഒരു ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിക്കഴിഞ്ഞാലുടൻ അനന്തരപരിപാടികൾ ആസൂത്രണം ചെയ്യുന്നതായിരിക്കും.

ഹയർ പർച്ചേസ് ജനറൽ ഇൻഷ്വറൻസ്

97. [774) ശ്രീ. ജി. ഗോപിനാഥൻ പിള്ള: താഴെക്കാണുന്ന ചോദ്യത്തിനു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ പർച്ചെയിസ്, ജനറൽ ഇൻഷ്വറൻസ് എന്നിവ ഗവൺമെന്റുടമയിൽ നടത്തുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ഉത്തരം

പൊതുമേഖലയിൽ ചിട്ടി, കുറി ഇവ നടത്തുന്നതിനും ഇൻഷ്വറൻസ് ഹയർപർച്ചെയിസ് സ്കീമുകൾ നടത്തുന്നതിനും വേണ്ടി ഗവൺമെന്റുടമയിൽ ദി കേരള സ്റ്റേറ്റ് ഫിനാഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന നാമത്തിൽ ഒരു കമ്പനി 5–11–69–ൽ തൃശ്ശൂർ തലസ്ഥാനമാക്കി രജിസ്റ്റർ ചെയ്തു 2–12–69 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കാർഷികകോളേജ് വിദ്യാർത്ഥികളുടെ സത്യാഗ്രഹം

98. [790] ശ്രീ. റ്റി. എം. മീതിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികകോളേജ് വിദ്യാർത്ഥികൾ 21–2–70–ൽ സെക്രട്ടേറിയറ്റ് പീടികൽ നടത്തിയ സൂചനാനിരാഹാരസത്യാഗ്രഹം എന്തിനുവേണ്ടിയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവർ നടത്തിയ നിവേദനങ്ങളും ഉൾക്കൊള്ളുന്ന കാര്യങ്ങളും ഗവൺമെൻറ് പരിശോധിച്ചോ;

(സി) എങ്കിൽ അതിനെപ്പറ്റി എന്തു തീരുമാനമെടുത്തു?

ഉത്തരം

(എ) കൃഷിവകുപ്പിലെ അഗ്രിക്കൾച്ചർ അസിസ്റ്റൻറൻമാരുടെ നിയമനത്തിലേക്ക് 1970 ഫെബ്രുവരിമാസം 19–20 എന്നീ തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഇൻറർവ്യൂ മാറ്റിവച്ചതിലും ഗ്രാമസേവകരിൽ നിന്നും അപേക്ഷകരെ നിയമിക്കുന്നതിലും പ്രതിഷേധിച്ച് കാർഷിക കാളേജ് വിദ്യാർത്ഥികൾ 1970 ഫെബ്രുവരി 18, 19, 20 എന്നീ തീയതികളിൽ പഠിപ്പുമുടക്കുകയും 21–ാംതീയതി സെക്രട്ടേറിയറ്റു നടയിൽ സൂചനാനിരാഹാരസത്യാഗ്രഹം നടത്തുകയും ചെയ്തു.

(ബി) പരിശോധിച്ചു.

(സി) ഇൻറർവ്യൂ മാറ്റിവച്ചത് നടത്തുവാൻ പി. എസ്. സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

STARRED QUESTIONS POSTED FOR ANSWER ON 19-3-1970

ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കുള്ള അഡ്വൈസറി കമ്മിറ്റി.

99. [699] ശ്രീ. പി. കെ. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സ്റ്റേറ്റ് ജില്ലാ അഡ്വൈസറി കമ്മിറ്റികൾ പുന:സംഘടിപ്പിച്ചുകഴിഞ്ഞുവോ;

(ബി) എങ്കിൽ ഈ കമ്മിറ്റികൾ പുന:സ്സംഘടിപ്പിച്ചതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ ഏവ;

(സി) ഹരിജൻ വിദ്യാർത്ഥിരംഗത്ത് പ്രവർത്തിച്ചുപോരുന്ന കെ. എച്ച്. എസ്. എഫിൻെറ പ്രതിനിധികളെക്കൂടി സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റിയിൽ ഉൾപ്പെടുത്തിക്കൊള്ളണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം കിട്ടിയിരുന്നുവോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുന:സ്സംഘടിപ്പിച്ചുകഴിഞ്ഞു.

(ബി) ബന്ധപ്പെട്ട വികസന വകുപ്പ് ഉദ്യോഗസ്ഥൻമാരെയും ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിൽ തൽപ്പരരായുള്ള അനുദ്യോഗസ്ഥൻമാരേയും ഉൾപ്പെടുത്തികൊണ്ടാണ് ഈ കമ്മിറ്റികൾ പുന:സ്സംഘടിപ്പിച്ചിട്ടുള്ളത്.

(സി,ഡി) നിവേദനം എന്നാണ് സമർപ്പിച്ചതെന്നു ഏകദേശമായ ഒരു രൂപമെങ്കിലും നൽകാതെ പ്രസ്തുത നിവേദനം കിട്ടിയിട്ടുണ്ടോ എന്ന് പറയുന്നതിന് നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly